(ബി) എങ്കിൽ എഴുതിത്തള്ളാനുദ്ദേശിക്കുന്ന വായ്പകൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധമായ കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ഡി) എത്ര രൂപയുടെ സാമ്പത്തിക ബാധ്യത ഇതുവഴി സർക്കാരിന് ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) എഴുതിത്തള്ളൽ നടപടി എന്നത്തേക്ക് പൂർത്തിയാകും എന്നാണ് പ്രതീക്ഷിക്കുന്നത് ;

(എഫ്) പദ്ധതി നടപ്പാകുന്നതോടെ എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാകുമെന്നാണ് കരുതുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ-സി) ഇത് സംബന്ധിച്ച് ഈ സർക്കാർ തീരുമാനമെടുത്തിട്ടില്ല.

(ഡി) അന്തിമ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

(ഇ) തീരുമാനമെടുത്തിട്ടില്ല.

(എഫ്) കണക്കാക്കിയിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

## II. റൂളിംഗ്

### ക്രമപ്രശ്നവും അടിയന്തരപ്രമേയ നോട്ടീസും സംബന്ധിച്ച്

<u>മി. സ്പീക്കർ</u> : ഞാൻ പറയട്ടെ, അടിയന്തര ചോദ്യവുമായി ബന്ധപ്പെട്ട് ഒരു ക്രമപ്രശ്നം ഉന്നയിക്കാൻ ശ്രീ. എ. കെ. ബാലൻ എഴുതി തന്നിരുന്നു. അങ്ങ് വളരെ സീനിയർ മെമ്പറല്ലേ ?..............(ബഹളം).......... ഇവിടെ ഇത്തരം പ്രശ്നങ്ങളിൽ ക്രമപ്രശ്നം ഉന്നയിക്കാൻ സമയമുണ്ട്. ആ സമയത്ത് അങ്ങേയ്ക്ക് അനുവദിക്കാം. (ബഹളം)........ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ ഉന്നയിച്ച ക്രമപ്രശ്നത്തിന് സീറോ അവറിന്റെ അവസാനമാണ് മറുപടി പറഞ്ഞത്. എപ്പോഴും അങ്ങനെയാണ്. ശ്രീ. ബാലൻ, അങ്ങേയ്ക്ക് ക്രമപ്രശ്നം ഉന്നയിക്കാനുള്ള സമയം നൽകും. ..........(ബഹളം)..... നിഷേധിച്ചതല്ല, ചോദ്യോത്തരസമയം കഴിഞ്ഞു, 9.30 ആയി. ...................... (ബഹളം)....... അതൊന്നും ശരിയല്ല. നോ..... നോ.....അതൊന്നും ശരിയല്ല....... (ബഹളം)......ശ്രദ്ധക്ഷണിക്കൽ....... പ്ലീസ്....... പ്ലീസ്............ അങ്ങ് ഒരു ക്രമപ്രശ്നം ഉന്നയിക്കാൻ എഴുതിത്തന്നിട്ടുണ്ട്. സാധാരണ അനുവദിക്കുന്നതു പോലെ അതിന് ഞാൻ സമയം നൽകുന്നതാണ്. അപ്പോൾ അങ്ങേയ്ക്ക് സംസാരിക്കാം. തീർച്ചയായിട്ടും..........(ബഹളം).............ഞാൻ പറയുന്നുണ്ടല്ലോ, നിങ്ങളും കൂടി പറയണ്ട. എല്ലാവരും കൂടി പറയണ്ട......................(ബഹളം)................ പ്ലീസ്, പ്ലീസ്.......... (ബഹളം)....... ശ്രദ്ധക്ഷണിക്കൽ, ശ്രീ. എസ്. ശർമ്മ,

LIBRARY ARCHIVES Kerala Legislative Assembly

................(ബഹളം)....................പ്ലീസ്, പ്ലീസ്.......................(ബഹളം)................. ശ്രദ്ധക്ഷണിക്കൽ, ശ്രീ. എസ്. ശർമ്മ......(ബഹളം).......ബഹുമാനപ്പെട്ട എളമരം കരീമിന്റെ നേതൃത്വത്തിൽ ഒരു അടിയന്തരപ്രമേയത്തിനുള്ള നോട്ടീസ് കിട്ടിയിട്ടുണ്ട്. അത് കേന്ദ്ര ഗവൺമെന്റ് തീരുമാനിക്കാൻ പോകുന്നുവെന്ന അസംപ്ഷനാണ്. കേന്ദ്ര ഗവൺമെന്റ് അത്തരമൊരു തീരുമാനമെടുത്തിട്ടില്ല. എടുക്കാത്ത ഒരു തീരുമാനം ഉണ്ടാകുമെന്ന പ്രതീക്ഷയിൽ വരുന്ന ഒരു വിഷയത്തിന് അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നൽകുന്നതിന് ബുദ്ധിമുട്ടുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട എളമരം കരീമിനെ അറിയിച്ചിരുന്നു. എന്നാൽ വിഷയത്തിൻമേൽ കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തിട്ടില്ലെങ്കിലും അദ്ദേഹം ഇത് എഴുതിത്തന്നതുകൊണ്ട് ഇത് ആദ്യത്തെ സബ്മിഷനായി അനുവദിക്കാമെന്ന് പറഞ്ഞിട്ടുണ്ട്..........(ബഹളം)............... ഞാൻ പറഞ്ഞല്ലോ ഒരു ഊഹത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയ നോട്ടീസിന് അനുമതി കൊടുക്കാൻ സാദ്ധ്യമല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, റൂൾ 50 അനുസരിച്ചാണ് അടിയന്തരപ്രമേയത്തിന് നോട്ടീസ് തരുന്നത്. അതുപ്രകാരം റൂൾ 52 അനുസരിച്ച് അനുവദിക്കത്തക്ക വിധത്തിലുള്ള കണ്ടീഷൻസ് പറയുന്നതിലെല്ലാം ഉൾപ്പെട്ട ഒരു വിഷയമാണിത്. ഈ സഭയുടെ ആശങ്ക കേന്ദ്രത്തെ അറിയിക്കണം. ഞങ്ങൾക്ക് ഇതിന് അനുമതി തരുന്നില്ലെങ്കിൽ ബഹുമാനപ്പെട്ട ചെയർ ഇന്നു തന്നെ കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണം.

മി. സ്പീക്കർ: നമ്മുടെ ആശങ്കയ്ക്ക് അടിസ്ഥാനമില്ല. കേന്ദ്ര ഗവൺമെന്റ് തീരുമാനം എടുക്കട്ടെ. നമുക്ക് ചർച്ച ചെയ്യാം........(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: തീരുമാനമെടുത്തതിനുശേഷം പറഞ്ഞിട്ടെന്താണ് കാര്യം ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ....... ആ തീരുമാനമെടുത്തിട്ടില്ല. .........(ബഹളം)..............പ്ലീസ്, പ്ലീസ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇവിടെ റൂൾ 52-ന്റെ കാര്യമാണ് പറഞ്ഞത്. റൂൾ 50 അനുസരിച്ചുള്ള നോട്ടീസ് സ്പീക്കർ അഡ്മിറ്റ് ചെയ്ത് കഴിയുമ്പോഴാണ് റൂൾ 52-ന്റെ വിഷയം റെയ്സ് ചെയ്യുന്നത്. അതായത് റൂൾ 50 അനുസരിച്ച് അനുവദിച്ചിട്ടില്ല. അനുവദിക്കാത്ത കാര്യത്തിന് എങ്ങനെ റൂൾ 52 അപ്ലൈ ചെയ്യാൻ സാധിക്കും ? ...........(ബഹളം)................

മി. സ്പീക്കർ: ഞാൻ പറയാം.......(ബഹളം)....... ഇത് നമുക്ക് ഇരുകൂട്ടർക്കും അറിയാം. ബഹുമാനപ്പെട്ട എളമരം കരീമിന് ഇത് ആദ്യത്തെ സബ്മിഷനായി അവതരിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly